6. ആവശ്യമായ ഡിഫ്തീരിയ ആന്റിടോക്സിൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

7. പ്രതിരോധ കുത്തിവയ്പിനെ പരമാവധി പ്രോത്സാഹിപ്പിക്കാനും ജില്ലയിലെ ചില ഭാഗങ്ങളിൽ കണ്ടുവരുന്ന വാക്സിനേഷനെതിരായ പ്രചരണങ്ങളെ നിരുത്സാഹപ്പെടുത്താനും സ്ഥിരമായും, നിരന്തരവുമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു.

8. കർമ്മസേനാ സമിതി അംഗങ്ങൾ ഡിഫ്തീരിയ രോഗബാധ റിപ്പോർട്ട് ചെയ്ത കാളമ്പാടി, വെട്ടനൂർ യത്തീംഖാനകൾ സന്ദർശിക്കുകയും അധികാരികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് ഡിഫ്തീരിയ രോഗബാധയേറ്റ് മരിച്ചതായി സംശയിക്കുന്ന കുട്ടികളുടെ വീട് ഉൾക്കൊള്ളുന്ന തലക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രം പരിധിയിലെ കൽപ്പകച്ചേരി പ്രദേശം സന്ദർശിച്ച് അന്വേഷണം നടത്തുകയും അതിനുശേഷം ജില്ലയ്ക്ക് വേണ്ട സമഗ്രമായ കർമ്മ പരിപാടിയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു.

(സി) സ്കൂൾ പ്രവേശന സമയത്ത് ഇമ്മ്യൂണൈസേഷൻ കാർഡ് നിർബന്ധമാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് സമർപ്പിച്ച നിവേദനത്തിൻമേൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ സ്കൂൾ പ്രവേശന സമയത്ത് രക്ഷിതാക്കൾ അവരുടെ കൈവശമുള്ള ഇമ്മ്യൂണൈസേഷൻ കാർഡ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാനും, പ്രസ്തുത കാർഡ് പരിശോധിച്ച് പൂർണ്ണമായോ, ഭാഗീകമായോ പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികളുടെ ഒരു പട്ടിക തയ്യാറാക്കി തുടർന്നുള്ള രണ്ട് മാസ കാലയളവിനുള്ളിൽ അത്തരം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാനും തീരുമാനിച്ചു. ഇതിനുവേണ്ട നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

56 (745) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ നിർണ്ണയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വിഭാഗങ്ങളിലാണ് സ്പെഷ്യലൈസേഷൻ ഉള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ആശുപത്രികളിൽ എത്ര രോഗികൾക്കാണ് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാവുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താലൂക്ക് ആശുപത്രികളിൽ നിർണ്ണയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധം "എ" ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സ്പെഷ്യാലിറ്റി യൂണിറ്റുകൾ

ശസ്ത്രക്രിയ

മെഡിസിൻ

ശിശുരോഗ വിഭാഗം

ഒബ് & ഗൈനക്കോളജി

പി.പി: യൂണിറ്റ്

(സി) താലൂക്ക് ആശുപത്രികളിൽ 100 ബെഡ്ഡുകളാണ് അനുവദനീയമായിട്ടുള്ളത്.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

57 (746) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ;

(ബി) ഇത്തരം സേവനങ്ങൾ യഥാസമയം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly